# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2806** — 17/10/2016 -ൽ മറുപടിക്ക്

## നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | നാഷണൽ ഹെൽത്ത് മിഷന് ഈ വർഷം അനുവദിച്ച കേന്ദ്ര സഹായം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; ഇതിന് സംസ്ഥാന വിഹിതം എത്ര കോടി രൂപയാണ് ഈ വർഷം അനുവദിച്ചത്; | (എ) | ദേശീയ ആരോഗ്യ മിഷന് ഈ സാമ്പത്തിക വർഷം (2016-17) കേന്ദ്രം അനുവദിച്ചത് 506.41 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം 202.2 കോടി രൂപയാണ്. |
| ബി) | നാഷണൽ ഹെൽത്ത് മിഷന് ഈ വർഷം നാളിതുവരെ കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിച്ച തുക വിശദമാക്കാമോ; | | ഈ വർഷം നാളിതുവരെ കേന്ദ്ര വിഹിതമായി 226.04 കോടി രൂപ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ സംസ്ഥാന വിഹിത കുടിശ്ശികയായ 140 കോടി രൂപ ഈ സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | 2006-11, 2011-16 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന് ലഭിച്ച സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും എത്രയാണെന്ന് വിശദമാക്കുമോ; തുക അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസമുണ്ടെങ്കിൽ കാരണം വിശദമാക്കാമോ? | | 2006-11 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന്റെ സംസ്ഥാന വിഹിതം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 98.58 കോടി രൂപയുടെ പ്ലാൻ ഫണ്ടുകൾ സംസ്ഥാന വിഹിതമായി കണക്കാക്കാനുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 2011-16 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന വിഹിതമായി മാത്രം 297.41 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.<br>2006-11 കാലയളവിൽ 832.55 കോടി രൂപയും 2011-16 കാലയളവിൽ 1224.67 കോടി രൂപയും നാഷണൽ ഹെൽത്ത് മിഷന് കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട 120 കോടി രൂപയിൽ 70 കോടി രൂപ മാത്രമേ ആ സാമ്പത്തിക വർഷം ലഭിച്ചുള്ളൂ. ബാക്കി 2016-17 സാമ്പത്തിക വർഷത്തിലാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ